പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.29 28.06.2016-ൽ മറുപടിക്ക്

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ബി. ഗണേഷ് കുമാർ | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫുകളുടെയും കുറവ് നിമിത്തം പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില ജില്ലകളിൽ ഡോക്ടർമാർ പി.എസ്.സി വഴി സ്ഥിരനിയമനത്തിന് താല്പര്യക്കുറവ് കാണിക്കുന്നത് മൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഒഴിവുള്ള തസ്തികകളിൽ ആരോഗ്യ വകുപ്പ് നേരിട്ടും എൻ.എച്ച്.എം വഴിയും ഡോക്ടർമാരെ നിയമിച്ച്, ഈ കുറവ് പരിഹരിക്കുന്നതിനുള്ള നടപടിയെടുത്തു വരുന്നുണ്ട്. സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മുഴുവൻ ഒഴിവുകളും നികത്തുന്നതിനാവശ്യമായ ഡോക്ടർമാരെ ലഭ്യമാക്കാൻ പി.എസ്.സി-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി ഒരു പി.എച്ച്.സി യുടെ കീഴിൽ വരുന്ന മുഴുവൻ കുടുംബങ്ങളുടേയും ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി 'ഹെൽത്ത് ഡാറ്റാ' ഉൾപ്പെടെ രൂപപ്പെടുത്തുന്ന തരത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം പുന:ക്രമീകരിക്കാൻ ശ്രമമുണ്ടോ; വ്യക്തമാക്കാമോ; | (ബി) വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളേയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിച്ച് ചികിത്സ തേടി എത്തുന്നവരുടെ രോഗവും, ചികിത്സയും, ആരോഗ്യവും |

സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആരോഗ്യ പ്രവർത്തകർ ദൈനംദിന പ്രവർത്തനങ്ങളിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ ഓരോ വ്യക്തിയുടേയും ആധാർ, വോട്ടർ ഐ.ഡി മുതലായ ഏതെങ്കിലും ഒരു വ്യതിരിക്ത നമ്പർ മുഖേന പല സമയങ്ങളിലായി ലഭിക്കുന്ന വിവരങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് ആ വ്യക്തിയുടെ ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ തുടർച്ച ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

(സി)ഗ്രാമീണ മലയോര മേഖലകളിലെ ചികിത്സാസംവിധാനം കാര്യക്ഷമമാക്കാനും ചികിത്സാ മേഖലയിലെ ചൂഷണം തടയാനും കുട്ടികൾക്കും സ്ത്രീകൾക്കും കൗൺസലിംഗ് ഉൾപ്പെടെ ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള പദ്ധതി ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

(സി) ഗ്രാമീണ മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും ചികിത്സ സംവിധാനങ്ങൾ മെച്ചപ്പെടുത്താനും കാര്യക്ഷമമാക്കാനുമുള്ള ഒട്ടനവധി നടപടികൾ ഇപ്പോൾ ആരോഗ്യ വകുപ്പിൽ നിലവിലുണ്ട്. ആദിവാസി മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഈ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ലാബ് സംവിധാനം . ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. മുഖേന സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ ലിംഗ പദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക വൈദ്യ സഹായവും കൗൺസിലിംഗും ഗവൺമെന്റ് ആശുപത്രികൾ വഴി നടത്തുന്നതിനായി

'ഭൂമിക സെന്റർ' (ജെൻഡർ ബേസ്ഡ് വയലൻസ് മാനേജ്മെന്റ് സെന്റർ) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് . സംസ്ഥാന സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി കുട്ടികൾ പ്രത്യേകിച്ച് കൗമാരക്കാരുടെ ശാരീരികവും മാനസികവുമായ സമഗ്ര ആരോഗ്യം ലക്ഷ്യം വയ്ക്കുന്നതോടൊപ്പം, ഭാവി ആരോഗ്യത്തിന് പ്രാധാന്യം നൽകിക്കൊണ്ട് എൻ.എച്ച്.എം. വഴി കൗമാര ആരോഗ്യ പദ്ധതിയും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ